പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T3068 — 28.01.2014 ൽ – മറുപടിക്ക്

## പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ പൊതുവിതരണസമ്പ്രദായം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുകയും ഗുണഭോക്താക്കൾക്ക് ബയോമെട്രിക് അധിഷ്ഠിതമായി റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതും പരിഗണനയിലുണ്ട്. |
| (ബി) സപ്ലൈകോയുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുമോ? | (ബി) വിപണിയിലുണ്ടാകുന്ന വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായും അതു വഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സപ്ലൈകോ മുഖേനയുള്ള മാർക്കറ്റിടപെടൽ പദ്ധതി വളരെ കാര്യക്ഷമമായി നടന്നു വരുന്നുണ്ട്.<br>സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത 63 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>കൂടാതെ, പൊതുവിതരണ ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ, ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുവാൻ സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി നടന്നു വരുന്നു.<br>ഈ സാമ്പത്തിക വർഷം തീരദേശ മലയോര പ്രദേശം മുതലായ പിന്നാക്ക പ്രദേശങ്ങളിൽ അവശ്യ സാധനങ്ങൾ ന്യായ വിലയ്ക്ക് എത്തിക്കുവാൻ കേന്ദ്ര സഹായത്തോടുകൂടി 10 പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടി തുടങ്ങുന്നതാണ്.<br>ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമേ വിൽപനയ്ക്ക് വയ്ക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ